**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 635** **06-12-2022 - ൽ മറുപടിയ്ക്ക്**

**സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സേവന മേഖയിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ;<br>വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | സേവന മേഖലയിൽ തുടങ്ങുന്ന സംരംഭങ്ങൾക്ക് വായ്പ നൽകുന്ന പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നില്ല. എന്നാൽ സേവനമേഖലയ്ക്ക് ആനുകൂല്യം നൽകുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>**1. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**<br><br>10 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക സേവന ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്കാണ്, ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.<br><br>**2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്**<br><br>വായ്പാധിഷ്ഠിത പ്രോജക്ടുകൾക്ക് Margin money നല്കി കൊണ്ട് അർഹമായ സംരംഭകർക്ക് സംസ്ഥാനത്തിനകത്ത് ചെറു സംരംഭങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>**3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി**<br><br>2022-23 സർക്കാർ സംരംഭകത്വ വർഷത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ 50% ഗുണഭോക്താക്കൾ വനിതാ സംരംഭകരായിരിക്കും.ടി പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി സർക്കാർ നൽകുന്നു . പുതിയ |

സംരംഭങ്ങൾ ആരംഭിക്കുന്നതിനു 10 ലക്ഷം വരെ ബാങ്ക് ലോൺ ഉള്ള ഉല്പാദന, സേവന, ,വ്യാപാര മേഖലയിലെ സ്ഥാപനങ്ങൾക്ക് പദ്ധതി വഴി പലിശ ഇളവ് നൽകുന്നു. പദ്ധതി പ്രകാരം സ്ഥിര മൂലധന വായ്പക്കും പ്രവർത്തന മൂലധന വായ്പക്കും ആനുകൂല്യം ലഭിക്കുന്നു. 01.04.2022 മുതൽ പ്രവർത്തനം ആരംഭിക്കുന്ന പുതിയ യൂണിറ്റുകൾക്കാണ് സർക്കാരിൽ നിന്നുള്ള പലിശയിളവ് ലഭ്യമാകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന PM Formalization of Micro Food Processing Enterprises Scheme പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചതോ / അപേക്ഷിച്ചതോ ആയ യൂണിറ്റുകൾക്കും ഈ പദ്ധതിപ്രകാരമുള്ള പലിശയിളവ് വർക്കിങ് കാപിറ്റൽ ലോണിനു അർഹതയുണ്ട്

**4. നിലവിലുള്ള എം.എസ്.എം.ഇ -കളിൽ സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം**

പ്രവർത്തനം ആരംഭിച്ച് ഒരു വർഷത്തിനുശേഷം വിപുലീകരണ പ്രവർത്തനം നടത്തുന്ന ഉത്പാദന/ സേവന മേഖലയിലുള്ള സംരംഭങ്ങൾ ക്കാണ് ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നത്.

സ്ഥിര മൂലധനനിക്ഷേപ സബ്സിഡിക്ക് ബാങ്ക് ലോൺ നിർബന്ധമല്ല. ഈ പദ്ധതിപ്രകാരം, ഒരു യൂണിറ്റിന് സ്ഥിരമൂലധനത്തിന്റെ 30% (പരമാവധി 100 ലക്ഷം രൂപ) ആണ് Capital Investment Subsidy-യ്ക്ക് അർഹതയുള്ളത്.

ബാങ്കിൽ നിന്നും പ്രവർത്തന മൂലധന വായ്പ എടുത്തിട്ടുള്ള യൂണിറ്റുകൾക്ക് ആദ്യത്തെ 3 വർഷം 8% പലിശയിളവ് നൽകുന്നു. ഇത് റീ-ഇംബേഴ്സ്മെന്റ് ആയാണ് നൽകുന്നത്. (പരമാവധി 30 ലക്ഷം രൂപ). ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ കേരള ഫിനാൻഷ്യൽ കോർപറേഷൻ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവെലപ്മെന്റ് കോർപറേഷൻ എന്നിവയിൽ നിന്നും വായ്പ നേടിയിട്ടുള്ള യൂണിറ്റുകൾക്ക് മാത്രമാണ് ഈ പദ്ധതിപ്രകാരം പ്രവർത്തന മൂലധന സഹായം ലഭിക്കുന്നത്. 01/01/2021 മുതൽ വിപുലീകരണ പ്രവർത്തനം ആരംഭിച്ച യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

**5. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)**

| | | | |
|---|---|---|---|
| | | | കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ലിങ്ക്ഡ് പദ്ധതിയാണ് PMEGP. ഖാദി&വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, സംസ്ഥാന/കേന്ദ്രഭരണ ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡുകൾ, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ വഴി ഇത് നടപ്പിലാക്കുന്നു. കെവിഐസി, കെവിഐബി, ഡിഐസി എന്നിവയ്ക്കിടയിൽ യഥാക്രമം 30:30:40 എന്ന അനുപാതത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിചെലവിന്റെ 15% - 35% ആണ് സബ്സിഡി നിരക്ക്. |

സെക്ഷൻ ഓഫീസർ